കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 2016-17 ൽ ക്ഷീരവികസനവുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പാക്കിയത് - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 154/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18/01/2018.

വായന:- 1. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2017 -ലെ B4-328/2017 നമ്പർ കത്ത്.

2. കോട്ടയം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 09.11.2017 -ലെ B1863/2017 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017, 13/12/2017 എന്നീ തീയതികളിൽ കൂടിയ യോഗത്തിന്റെ 4.43 നമ്പർ തീരുമാനം

**ഉത്തരവ്**

കോട്ടയം ജില്ലാ പഞ്ചായത്ത് 2016-17 -ൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

| | |
|---|---|
| പ്രോജക്ട് നം. 770/17 - ക്ഷീര വർദ്ധിനി (വനിത) അടങ്കൽ | 1,77,50,000/- രൂപ |
| പ്രോജക്ട് നം. 1002/17 - ക്ഷീര വർദ്ധിനി (ജനറൽ) അടങ്കൽ | 1,64,00,000/- രൂപ |
| ആകെ | 3,41,50,000/- രൂപ |

ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതായിരുന്നു പ്രവർത്തനമെങ്കിലും ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല എന്നും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിക്ക് നൽകിയപ്പോൾ 12.01.2017 -ൽ ഓൺലൈനായി അംഗീകാരം ലഭിക്കുകയും ചെയ്തുവെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയെന്നും അപ്പലേറ്റ് കമ്മിറ്റി ഓൺലൈനായി അംഗീകരിച്ചതനുസരിച്ച് പദ്ധതി നടപ്പാക്കിയെങ്കിലും സർക്കാർ ഉത്തരവില്ലാത്തതിനാൽ 3,41,50,000/-രൂപയുടെ ചെലവിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നുവെന്നും ഇതിന് സാധൂകരണം നല്കണമെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വായന(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ യോഗം പരിഗണിക്കുകയും ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/12/2017 ലെ യോഗം ഇക്കാര്യം പരിശോധിക്കുകയും ഇതിന് സാധൂകരണം നല്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് 2016-17 -ൽ ക്ഷീര വികസനവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം 770/17 - ക്ഷീര വർദ്ധിനി (വനിത), പ്രോജക്ട് നം. 1002/17 - ക്ഷീര വർദ്ധിനി (ജനറൽ) എന്നീ രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കിയ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം
ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഒ.എസ്) വകുപ്പ് (DB1/78/2018)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ